# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം.5683

**02.07.2019 -ൽ മറുപടിയ്ക്ക്**

## മറയൂർ ചന്ദനക്കാട്ടുകളിൽ നിന്ന് മുറിച്ച കടത്തിയ ചന്ദനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പാറക്കൽ അബ്ദുല്ല : | അഡ്വ.കെ.രാജു<br>(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) മറയൂർ ചന്ദനക്കാട്ടുകളിൽ നിന്ന് മുറിച്ച കടത്തിയ ചന്ദനം ആന്ധ്രപ്രദേശ് - തമിഴ് നാട് അതിർത്തിയിലെ ചന്ദന ഫാക്ടറിയിൽ നിന്ന് മറയൂർ വനപാലക സംഘം കണ്ടെത്തുകയുണ്ടായോ; | (എ) മറയൂർ ചന്ദനക്കാടുകളിൽ നിന്ന് മുറിച്ചു കടത്തിയ ചന്ദനം ആന്ധ്രപ്രദേശ് - തമിഴ്നാട് അതിർത്തിയിലെ ചന്ദന ഫാക്ടറിയിൽ നിന്ന് മറയൂർ വനപാലക സംഘം കണ്ടെത്തിയിട്ടുണ്ട്. |
| (ബി) എങ്കിൽ ഏത് ഫാക്ടറിയിൽ നിന്നാണ് ഇത് കണ്ടെടുത്തത്; എന്തെല്ലാം വസ്തുക്കൾ എത്ര അളവിലാണ് കണ്ടെടുത്തത്; ഇതിന് എത്ര രൂപ വിലമതിക്കും; വിശദമാക്കുമോ; | (ബി) ആന്ധ്രപ്രദേശിലുള്ള സഫ ആരോമാറ്റിക് എന്ന പേരിലുള്ളതും, നിലവിൽ പ്രവർത്തന രഹിതവുമായ ഫാക്ടറിയിൽ നിന്നുമാണ് ഇത് കണ്ടെടുത്തത്. 403 കി.ഗ്രാം ചന്ദന കാതലിന്റെ ചിപ്സും 316 കി.ഗ്രാം ചന്ദനപ്പൊടിയും 20 കി.ഗ്രാം ചന്ദനതടി കഷ്ണങ്ങളുമടക്കം ആകെ 739 കി.ഗ്രാം ചന്ദനമാണ് റെയ്ഡിൽ കണ്ടെത്തിയത്. ഇതിന് ഏകദേശം 30 ലക്ഷം രൂപ വില മതിക്കുന്നുണ്ട് |
| (സി) മറയൂരിൽ നിന്ന് കടത്തുന്ന ചന്ദനം വർഷങ്ങളായി ഈ ഫാക്ടറിയിൽ നൽകുന്നതായ റിപ്പോർട്ടുകൾ പരിശോധിക്കുകയുണ്ടായോ; | (സി) മറയൂരിൽ നിന്നും കടത്തുന്ന ചന്ദനം വർഷങ്ങളായി ഈ ഫാക്ടറിയിൽ നൽകുന്നതായ റിപ്പോർട്ടുകൾ ഒന്നും തന്നെ ലഭിച്ചിട്ടില്ല. ചന്ദന കടത്തുമായി ബന്ധപ്പെട്ട് മറയൂർ ചന്ദന ഡിവിഷനിൽ, മറയൂർ റെയ്ഞ്ചിൽ നാച്ചിവയൽ ഫോറസ്റ്റ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത ഒ.ആർ. 1/19 (എൻ.) കേസിൽ അറസ്റ്റ് ചെയ്ത പ്രതിക |

| | | |
|---|---|---|
| | | ളിൽ നിന്നും ലഭിച്ച വിവരം അനുസരിച്ചാണ് ചന്ദനം മേൽപ്പറഞ്ഞ ഫാക്ടറിയിലേയ്ക്ക് കൊണ്ടുപോയതായി അറിയുവാൻ കഴിഞ്ഞത്. |
| (ഡി) | കേരളത്തിൽ നിന്നെത്തിയ ഫോറസ്റ്റ് ഉദ്യോഗസ്ഥ സംഘത്തെ ആന്ധ്ര ഫോറസ്റ്റ് ഉദ്യോഗസംഘം തടഞ്ഞുവയ്ക്കുകയുണ്ടായോ; വിശദാംശം അറിയിക്കുമോ; | (ഡി) കേരളത്തിൽ നിന്നെത്തിയ ഫോറസ്റ്റ് ഉദ്യോഗസ്ഥ സംഘത്തെ ആന്ധ്രപ്രദേശ് ഫോറസ്റ്റ് ഉദ്യോഗസ്ഥ സംഘം തടഞ്ഞു വയ്ക്കുകയുണ്ടായിട്ടില്ല. മറയൂർ ചന്ദന ഡിവിഷനിലെ മറയൂർ റെയിഞ്ച് ഫോറസ്റ്റ് സ്റ്റാഫും ആന്ധ്രപ്രദേശിലെ ചിറ്റൂർ ഈസ്റ്റ് ഡിവിഷനു കീഴിലുള്ള ചിറ്റൂർ ഈസ്റ്റ് റെയിഞ്ച് ഫോറസ്റ്റ് സ്റ്റാഫും സംയുക്തമായാണ് റെയ്ഡ് നടത്തിയത്. |
| (ഇ) | ഇതുസംബന്ധിച്ച് എത്ര കേസുകൾ രജിസ്റ്റർ ചെയ്തു; വിശദാംശം നൽകുമോ? | (ഇ) മറയൂർ ഡിവിഷനിലെ മറയൂർ റെയിഞ്ചിൽ നാച്ചിവയൽ ഫോറസ്റ്റ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്യപ്പെട്ട ഒ.ആർ. 5/18 (എൻ), ഒ.ആർ.1/19 (എൻ) എന്നീ കേസുകളുടെ അന്വേഷണത്തിന്റെ ഭാഗമായാണ് ടി റെയ്ഡ് നടത്തുവാൻ സാധിച്ചത്. ടി റെയ്ഡുമായി ബന്ധപ്പെട്ട് പുതിയതായി കേസുകളൊന്നും കേരളത്തിൽ രജിസ്റ്റർ ചെയ്തിട്ടില്ല. ചന്ദനം കണ്ടെത്തി പിടിച്ചതുമായി ബന്ധപ്പെട്ട് ആന്ധ്രപ്രദേശിലെ ചിറ്റൂർ ഈസ്റ്റ് ഡിവിഷനു കീഴിലുള്ള ചിറ്റൂർ ഈസ്റ്റ് റെയിഞ്ചിൽ അനധികൃതമായി ചന്ദനം സൂക്ഷിച്ചതിന് ഫാക്ടറി ഉടമയ്ക്കെതിരെ ഒ.ആർ.27/19-20 എന്ന കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. |

[signature]

സെക്ഷൻ ഓഫീസർ